(ഇ) കേന്ദ്ര ഗവൺമെന്റ് ഇങ്ങനെ ഒരു പരിപാടി ആവിഷ്കരിച്ചതായി അറിവില്ല.

വാഹനങ്ങളുടെ ഓതറൈസേഷൻ പുതുക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ട്

28 (*535) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് വാഹനങ്ങൾക്കും നാഷണൽ പെർമിറ്റ് വാഹനങ്ങൾക്കും വർഷത്തിലൊരിക്കൽ ഓതറൈസേഷൻ പുതുക്കുന്നതിന് കാസർകോഡ് മുതലുള്ള വാഹന ഉടമകൾ തിരുവനന്തപുരത്തെ എസ്.ടി.എ. യിൽ വരേണ്ടിവരുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സംവിധാനം അതാത് ആർ.ടി.ഓഫീസിൽ തന്നെ നൽകുന്നതിന് സർക്കാരിന് നിയമ നിർമ്മാണം നടത്താം എന്ന കേരള ഹൈക്കോടതിയുടെ ഉത്തരവിന്മേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) വാഹന ഉടമകളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഈ സംവിധാനം ആർ.ടി. ഓഫീസിൽ ആക്കുന്നതിന് സർക്കാർ ഉടൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്

(ബി) ബഹു. കേരള ഹൈക്കോടതി വിധിയെത്തുടർന്ന് ഈ സംവിധാനം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾവഴി നടപ്പിലാക്കുന്നതിനായി നിലവിലുള്ള നിയമത്തിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ഭേദഗതി വരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പരിശോധിച്ചു വരുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്തിന്റെ സാമ്പത്തിക നില

1 (2714) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 3-3-2000-ൽ സംസ്ഥാനത്തിന്റെ സാമ്പത്തികനില റിസർവ് ബാങ്ക് അക്കൗണ്ട്സ് പ്രകാരം എത്രയായിരുന്നു ;

(ബി) ഇപ്പോൾ സാമ്പത്തിക നില മെച്ചമാണോ, അതോ ചെലവുകൾ വെയ്സ് ആന്റ് മീൻസിലോ, ഓവർ ഡ്രാഫ്റ്റിലോ ആണോ നടക്കുന്നതെന്ന വിവരം വ്യക്തമാക്കുമോ ;

(സി) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന ഗവൺമെന്റ് സമാഹരിച്ച '506' കോടി രൂപ ട്രഷറിയിലാണോ നിക്ഷേപിച്ചിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ തുകകൂടി കണക്കിലെടുത്തശേഷമാണോ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക നില വ്യക്തമാക്കിയിരിക്കുന്നത് ;

(ഇ) ഈ തുക വകമാറി ചെലവഴിക്കില്ലെന്ന് ഗവൺമെന്റിന് വേണ്ടി ഹൈക്കോടതിയിൽ ഉറപ്പ് നൽകിയിട്ടുണ്ടോ ;

(എഫ്) ഈ സാമ്പത്തിക വർഷം എത്ര രൂപ ഇതിൽ നിന്നും ചെലവഴിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ജി) ഈ തുകയ്ക്ക് എത്ര ശതമാനമാണ് പലിശനിരക്ക് എന്നും ഒരു വർഷം ഈ തുകയ്ക്കുവേണ്ടി എത്ര രൂപ പലിശയിനത്തിൽ നൽകേണ്ടി വരുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 115.54 കോടി രൂപ ഓവർഡ്രാഫ്റ്റിൽ ആയിരുന്നു.

(ബി) സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കുള്ള തുക സർക്കാരിന് ലഭിക്കുന്ന വിവിധ വരവുകളിലൂടെ കണ്ടെത്താനാകുന്നുണ്ട്. എന്നാൽ ചില അത്യാവശ്യ സന്ദർഭങ്ങളിൽ വെയ്സ് ആന്റ് മിൻസ് അഡ്വാൻസ് എടുക്കേണ്ടി വരുന്നുണ്ട്. വളരെ അപൂർവ്വം സന്ദർഭങ്ങളിൽ ഓവർ ഡ്രാഫ്റ്റിനെ ആശ്രയിക്കേണ്ടി വരുന്നുണ്ട്.

(സി) അതെ.

(ഡി) അതെ.

(ഇ) ഇല്ല

(എഫ്) ഈ സാമ്പത്തിക വർഷം 50 കോടി ചെലവഴിക്കണം എന്നാണ് കരുതിയിരുന്നത്. എന്നാൽ ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ജി) സ്വരൂപിച്ച തുകയുടെ പലിശ അർദ്ധവാർഷിക നിരക്ക് 13.25 % ഉം വാർഷികനിരക്ക് 13.69 % ഉം ആണ്. ഈ നിരക്കിൽ വാർഷിക പലിശ 69.42 കോടി രൂപയോളം വരും.

വിദേശ മൂലധന നിക്ഷേപം

2 (2715) ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷിതമ്പാൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദേശ മൂലധന നിക്ഷേപം എത്രയാണ് ;

(ബി) ഇവ ഏതെല്ലാം പദ്ധതികൾക്ക് എത്ര വീതം മുടക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly